# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## വിവാഹത്തിൽ ഒരു ശരീരമാകുന്നവർ ദൈവസ്നേഹത്തിന്റെ പ്രതിരൂപം- പാപ്പാ




എപ്രിൽ 2-ാം തീയതിയിലെ പൊതുസന്ദർശനത്തിലാണ് ഫ്രാൻസീസ് പാപ്പാ വിവാഹ ത്തിന്റെ പ്രാധാന്യം എടുത്ത് പറഞ്ഞത്. വിവാഹത്തിലൂടെ ഒരു ശരീരമാകുന്നവർ ദൈവ സ്നേഹത്തിന്റെ പ്രതിരൂപമാണെന്നായിരുന്നു പാപ്പായുടെ സന്ദേശം.
''കാരണം വിവാഹമെന്ന കൂദാശയിൽ ഒരു പുരുഷനും സ്ത്രീയും ഒരുമിക്കു മ്പോൾ ദൈവസാന്നിധ്യം അവരിൽ പ്രതിഫലിക്കുന്നു. അങ്ങനെ ഒരു ശരീരമാകുന്നവർ ദൈവസ്നേഹത്തിന്റെ ജീവിക്കുന്ന പ്രതിരൂപങ്ങളായിത്തീരുന്നു. അപ്പോൾ ദൈവ ത്തിന്റെ ഛായയെന്നു പറഞ്ഞാൽ ദമ്പതികളാണ് ; അല്ലാതെ പുരുഷൻ ഒറ്റയ്ക്കല്ല; സ്ത്രീയും ഒറ്റയ്ക്കല്ല;'' പാപ്പാ പറഞ്ഞു.
പരമ്പരാഗതവിവാഹത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ടുള്ള പാപ്പായുടെ പ്രസംഗം ഏറെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. ദാമ്പത്യത്തിലെ ഭിന്നതകൾ പരിഹരിക്കാൻ അദ്ദേഹം ദമ്പതികളെ ആഹ്വാനം ചെയ്തു.
''ദാമ്പത്യജീവിതത്തിൽ അനേകം പ്രതിസന്ധികളും പ്രശ്നങ്ങളുമുണ്ടെന്ന് നമുക്ക റിയാം. പ്രശ്നങ്ങൾ പരിഹരിക്കാൻ യു.എന്നിനെ നിങ്ങളുടെ വീട്ടിലേക്ക് വിളിച്ചു വരു ത്തേണ്ട കാര്യമൊന്നുമില്ല. നിസ്സാരങ്ങളെന്നു തോന്നുന്ന കാര്യങ്ങളിലൂടെ അവയെ പരി ഹരിക്കാനാവും. ചെറിയൊരു പ്രോത്സാഹനം, ഒരു ക്ഷമാപണം, ഒരു വിട്ടുവീഴ്ച- പുതിയൊരു പ്രഭാതം അതിലൂടെ തുടങ്ങുകയായി.'' പാപ്പാ പറഞ്ഞു.